## പതിനാലാം കേരളനിയമസഭ

## പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 4134** — **20.03.2018 ൽ മറുപടിയ്ക്ക്**

## ഗ്രാമപഞ്ചായത്തുകളിലെ ഫുൾടൈം സ്വീപ്പർമാരുടെ പ്രൊമോഷൻ

**ചോദ്യം**

**ശ്രീ.കെ.വി.അബ്ദുൾ ഖാദർ**

എ) ഗ്രാമപഞ്ചായത്തുകളിലെ ഫുൾ ടൈം സ്വീപ്പർമാരുടെ പ്രമോഷൻ കാര്യത്തിൽ എന്തെങ്കിലും തടസ്സം നിലവിലുണ്ടോ;

ബി) മേൽ പറഞ്ഞവരുടെ പ്രമോഷൻ പുനഃസ്ഥാപിച്ച് നൽകുന്നതിന് നടപടിയുണ്ടാകുമോ?

**മറുപടി**

**ഡോ. കെ.ടി ജലീൽ**
**(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി)**

(എ) & (ബി) പഞ്ചായത്ത് വകുപ്പിലെ ഫുൾടൈം സ്വീപ്പർമാർക്ക് എൽ.ഡി.ക്ലാർക്ക് തസ്തികയിലേക്ക് തസ്തികമാറ്റം മുഖേനയുള്ള സ്ഥാനക്കയറ്റം നൽകുന്നത് സംബന്ധിച്ച് ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ കേസ് നിലനിന്നിരുന്നതിനാൽ ഫുൾടൈം സ്വീപ്പർമാർക്ക് സ്ഥാനക്കയറ്റം തടസ്സപ്പെട്ടിട്ടുണ്ട്. ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 02.06.2017 ലെ OA(EKM) 164, 232, 287, 345, 371, 390, 744, 874/2017 നം. പൊതു ഉത്തരവിലെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ പരാതിക്കാരെയും ബന്ധപ്പെട്ട മറ്റ് കക്ഷികളെയും സർക്കാർ നേരിൽ കേട്ടു. ഇക്കാര്യം നിലവിൽ സർക്കാർ പരിശോധനയിലാണ്.

സെക്ഷൻ ഓഫീസർ